**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 63** **02-02-2026 - ൽ മറുപടിയ്ക്ക്**

**ജലനയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കിണറുകൾ കുഴിക്കുന്നതിനും ഭൂഗർഭ ജലത്തിന്റെ ഉപയോഗത്തിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | **സംസ്ഥാനത്ത് കിണറുകൾ കുഴിക്കുന്നതിനും, ഭൂജല ഉപയോഗത്തിനും നിലവിലുള്ള നിയന്ത്രണങ്ങളുടെ സംക്ഷിപ്ത രൂപം ചുവടെ ചേർക്കുന്നു.**<br><br>1) കേരള പഞ്ചായത്ത്/മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് പ്രകാരം ഏതൊരു കിണർ നിർമ്മാണത്തിനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ മുൻകൂർ പെർമിറ്റ് കരസ്ഥമാക്കേണ്ടത് നിർബന്ധമാണ്.<br><br>2) തദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറി പെർമിറ്റ് നൽകുന്നതിന് ഭൂജല വകുപ്പിന്റെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് (ഭൂജല പര്യവേഷണ പഠന റിപ്പോർട്ട്) അനിവാര്യമാണ്.<br><br>3) നിലവിൽ സർക്കാർ **വിജ്ഞാപനം ചെയ്യപ്പെട്ട ചിറ്റൂർ, മലമ്പുഴ, കാസർഗോഡ് ബ്ലോക്കുകളിൽ മാത്രം ഗാർഹിക ആവശ്യത്തിനു വേണ്ടിയുള്ള തുറന്ന കിണറുകൾ ഒഴികെ മറ്റെല്ലാ ഭൂജല സ്രോതസ്സുകളുടെ നിർമ്മാണത്തിനും തദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിയുടെ പെർമിറ്റിന് പുറമെ സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് കൂടി കരസ്ഥമാക്കേണ്ടതാണ്.**<br><br>**4) വ്യാവസായിക അടിസ്ഥാനത്തിൽ ഭൂജല സ്രോതസ്സുകൾ ഉപയോഗിക്കുന്ന പദ്ധതികൾക്ക് തദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിയുടെ പെർമിറ്റിന് പുറമെ സംസ്ഥാന ഭൂജല അതോറിറ്റിയുടെ നിരാക്ഷേപപത്രം (NOC) ആവശ്യമാണ്.** |

| | | | |
|---|---|---|---|
| (ബി) | അശാസ്ത്രീയമായ രീതിയിലുള്ള കിണർ നിർമ്മാണം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | അശാസ്ത്രീയമായ കിണർ നിർമ്മാണം നിയന്ത്രിക്കുന്നതിനും ഭൂജല സംരക്ഷണം ഉറപ്പാക്കുന്നതിനും, നിലവിൽ 2002-ലെ ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ടിൽ ചട്ടങ്ങളും വ്യവസ്ഥകളും ഉണ്ട്. എന്നാൽ അശാസ്ത്രീയമായ കുഴൽക്കിണർ നിർമ്മാണം പൂർണ്ണമായും കാര്യക്ഷമമായും തടയുന്നതിന്, 2014- ലെ സർക്കാർ ഉത്തരവ് പ്രകാരവും 2023-ലെ പരിഷ്കരിച്ച ഉത്തരവ് പ്രകാരവും, 2002-ലെ ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ടിൽ, അശാസ്ത്രീയ കുഴൽക്കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. |
| (സി) | വരൾച്ചയും ജലക്ഷാമവും ഉള്ള പ്രദേശങ്ങളിലെ അമിത ജല ഉപയോഗത്തിന് നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | **ഏതെങ്കിലും ഒരു പ്രദേശത്തെ ഭൂജല ചൂഷണം നിയന്ത്രിക്കണമെന്നോ ക്രമീകരിക്കണമെന്നോ കണ്ടാൽ, ആ പ്രദേശത്തെ 'വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശം' (Notified Area) ആയി പ്രഖ്യാപിക്കാറുണ്ട്. ഇത്തരത്തിൽ വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ ഭൂജല ചൂഷണം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്നുണ്ട്.**<br><br>**വരൾച്ചയും ജലക്ഷാമവും നേരിടുന്ന പ്രദേശങ്ങളിലെ അമിത ഭൂജല ഉപയോഗം നിയന്ത്രിക്കുന്നതിനായി ഭൂജല വകുപ്പ് മുഖേന നിലവിൽ പുതിയ നിയന്ത്രണങ്ങൾ ഒന്നുംതന്നെ ഏർപ്പെടുത്തി വരുന്നില്ല. എന്നാൽ ദുരന്തനിവാരണ നിയമപ്രകാരം അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിയന്ത്രണങ്ങളും കർശനമായി നടപ്പിലാക്കി വരുന്നുണ്ട്.** |
| (ഡി) | സംസ്ഥാനത്ത് ജലനയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | കേരളത്തിൽ 2008 – ലാണ് സംസ്ഥാന ജല നയം രൂപീകരിച്ചത്. 2012- ൽ കേന്ദ്രം ദേശീയ ജലനയം പ്രാബല്യത്തിൽ കൊണ്ടു വന്നു. പ്രസ്തുത ദേശീയ ജലനയത്തിന്റെയും അതോടൊപ്പം കേരളത്തിന്റെ തനത് സവിശേഷതകൾ കണക്കിലെടുത്തും കാലോചിതമായി വരുത്തേണ്ട മാറ്റങ്ങൾ മനസ്സിലാക്കിക്കൊണ്ടും ഭാവിയിൽ സുസ്ഥിരമായ ജലസുരക്ഷ എല്ലാ വിഭാഗം ജനങ്ങൾക്കും ഉറപ്പാക്കുന്നതിനും, സംസ്ഥാന ജലനയം പരിഷ്കരിക്കുന്നതിനായി ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും സമിതിയുടെ ആദ്യ റിപ്പോർട്ട് നിലവിൽ സർക്കാരിന്റെ പരിശോധനയിലുമാണ്. വിവിധ വകുപ്പുകൾ, വിവിധ സ്ഥാപനങ്ങൾ വിവിധ ജനവിഭാഗങ്ങൾ എന്നിവരുമായി അനവധി ചർച്ചകൾ ആവശ്യമുള്ളതിനാൽ ഇക്കാര്യത്തിനായി ത്വരിത നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ